# ഇരയും വേട്ടക്കാരനും

അയാൾ ഒരു ഇരയെ തപ്പിയാണ് ബീച്ചിലെത്തിയത്. വയറിന്, ശരീരത്തിന്, മനസ്സിന് വിശപ്പേറെയുണ്ടായിരുന്നു.അന്വേഷണം അധിമകാതെ തന്നെ ഒരു ഇരയിൽ ശ്രദ്ധ കേന്ദ്രീകരിക്കാനയാൾക്ക് കഴിഞ്ഞു. വെളുത്ത, കൊഴുത്ത, അംഗലാവണ്യമുള്ള. കമ്മൽ, മാല, വള, മോതിരമൊക്കെയായി പത്തുപതിനഞ്ച് പവൻ സ്വർണ്ണവുമായിട്ട്, ഭർത്താവാകാം ഒരു പുരുഷനോടൊത്ത്, മകനാകാം ഒരു ബാലനോടൊത്ത്, തിരക്കൊഴിഞ്ഞിടത്ത്......

ഇപ്പോൾ അയാൾ തികഞ്ഞ ഒരു വേട്ടക്കാരനെപ്പോല്ലെ തക്കം പാർത്തിരിപ്പായി. ജന്മസിദ്ധ കഴിവുകൊണ്ടും പഴമയുടെ പരിചയം കൊണ്ടും അയാൾക്കറിയാം തൊട്ടടുത്തൊരു നിമിഷം അവളെ റാഞ്ചാനാകുമെന്ന്. അവളുടെ ഭർത്താവ് കപ്പലണ്ടി വാങ്ങാൻ പോകുമ്പോഴോ, മകന് മൂത്രമൊഴിക്കാൻ കൂട്ടുപോകുമ്പോഴോ.....

അയാളുടെ സഹായികൾ അവിടവിടെയായി ചുറ്റിപ്പരതി നടക്കുന്നുണ്ട്, അടുത്ത നീക്കത്തിനായിട്ട്. പക്ഷെ, അടുത്തതായി അയാൾക്ക് കിട്ടിയ നിമിഷത്തിൽ അയാളെ അമ്പരപ്പിച്ചുകൊണ്ട്, ദേ! അവൾ തിരയിൽ ഒലിച്ച് അയാൾക്കരുകിൽ, അയാളെ കെട്ടിപ്പിടിച്ച്, പിടിത്തം മുറുക്കിക്കൊണ്ട്......പിന്നീടുണ്ടായ നിമിഷത്തിൽ അയാളുടെ കണ്ണുകൾക്കു മുന്നിൽ കാണപ്പെട്ട മല പോലുയർന്നൊരു തിരയിൽപ്പെട്ട് കടലിലേക്ക് ഒരു വാർത്തക്ക് കാരണമായി അയാളും അവളും.....

@